25 (934) നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാപ്പുഴ, കുറിയാർകുറ്റി-കാരാപ്പാറ, പഴശ്ശി, കല്ലട, എം.വി. ഐ.പി. എന്നിവ ഏതുവർഷം കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ പ്രോജക്ടുകൾക്കോരോന്നിനും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ഓരോ പ്രോജക്ടും ഇപ്പോൾ ഏതു ഘട്ടത്തിലാണുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതികൾ കമ്മീഷൻ ചെയ്യുമ്പോൾ പുതിയ ഷെഡ്യൂൾ അനുസരിച്ച് എന്ത് തുക വേണ്ടിവരും;

(ഇ) കാരാപ്പുഴ പദ്ധതി ഡാം പ്ലഗ്ഗ് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുമോ;

(എഫ്) കുറിയാർകുറ്റി-കാരാപ്പാറ പ്രോജക്ടിൽ 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുക ചെലവഴിച്ചു; എന്തെല്ലാം ജോലികൾ ചെയ്തിട്ടുണ്ട്;

(ജി) 1999-2000 വർഷത്തിൽ ഈ പ്രോജക്ടിനായി നീക്കിവച്ചിരിക്കുന്ന തുകയെത്രയാണ്; ഇത് ഏതെല്ലാം പ്രവർത്തികൾക്ക് വേണ്ടിയാണ്?

ഉത്തരം

(എ-ഡി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഈ പ്രവർത്തിക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടറിനെ സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ കോടതി നിർദ്ദേശ പ്രകാരം ടെണ്ടർ സ്വീകരിക്കുന്ന അവസാനതീയതി 10-1-2000 മാക്കി നിശ്ചയിച്ചിട്ടുണ്ട്. മറ്റ് സാങ്കേതിക തടസ്സങ്ങൾ ഒന്നും നിലവിലില്ല.

(എഫ്) 1997-98ൽ 102,89,386/- രൂപയും 1998-99ൽ 146,07,191/-രൂപയും ചെലവ് വന്നിട്ടുണ്ട്. പദ്ധതിയുടെ ശാഖാകനാൽ അഭിവൃദ്ധിപ്പെടുത്തുന്ന ജോലികൾ ചെയ്തിട്ടുണ്ട്.

(ജി) രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കരാർ നിർമ്മാണത്തിനും ഓഫീസ് പ്രവർത്തനത്തിനുമാണ് പ്രസ്തുത തുക ഉൾപ്പെടുത്തിയിരിക്കുന്നത്.

26 (935) വിവിധ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly